# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

**2013 ഫെബ്രുവരി 14, വ്യാഴാഴ്ച**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

**അടിയന്തര പ്രമേയം**

**ആറന്മുള വിമാനത്താവളം**

മി. സ്പീക്കർ : ആറന്മുള വിമാനത്താവളത്തിനുവേണ്ടി ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകളും തണ്ണീർത്തട സംരക്ഷണ നിയമവും മറികടന്നു കൊണ്ട് കെ.ജി.എസ്. ഗ്രൂപ്പ് ഭൂമി വാങ്ങിക്കൂട്ടുകയും എയർപോർട്ട് കമ്പനിയിൽ 10 ശതമാനം ഓഹരി സർക്കാർ എടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതു മൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, രാജു എബ്രഹാം, മാത്യു ടി. തോമസ്, എ.എ. അസീസ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : ആറന്മുള വിമാനത്താവളത്തിന് ആരംഭം കുറിച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. അതിന് അംഗീകാരം കൊടുത്ത് തുടർ നടപടികൾ സ്വീകരിക്കുകയാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത്. കേരളത്തിന്റെ വ്യാവസായിക പുരോഗതിക്ക് തടസ്സങ്ങൾ സൃഷ്ടിക്കണമെന്ന നിലപാട് ഗവൺമെന്റിനില്ല. ഇതിൽ നിയമവിരുദ്ധമായ കാര്യങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ചുമാത്രമേ മുമ്പോട്ടു പോകുകയുള്ളൂ.

ശ്രീ. മുല്ലക്കര രത്നാകരൻ : നിയമപരമായ പരിശോധനകൾ നടത്തി പൂർണ്ണമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ ഗവൺമെന്റ് 10 ശതമാനം ഓഹരിയെടുത്തതെന്ന് വ്യക്തമാക്കണം. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം ലഭിക്കുന്നതിനുമുമ്പാണ് ഗവൺമെന്റ് ഓഹരിയെടുക്കാൻ തീരുമാനിച്ചത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം ലഭിച്ചുവെന്ന് പറയുന്നത് വിമാനത്താവള നിർമ്മാണ കമ്പനിയായ കെ.ജി.എസ്. ഗ്രൂപ്പാണ്. 700 ഏക്കറിൽ നടപ്പാക്കുന്ന ഈ പ്രോജക്ടിൽ സ്റ്റാർ ആശുപത്രികൾ, ഇന്റർനാഷണൽ സ്കൂൾ, സ്റ്റാർ ഹോട്ടലുകൾ എന്നിവയ്ക്ക് അംഗീകാരം കൊടുത്തിരിക്കുകയാണ്. 90 ശതമാനം ഓഹരിയുള്ള കമ്പനിയുടെ കീഴിൽ വെറും 10 ശതമാനം ഓഹരി മാത്രമുള്ള ഗവൺമെന്റിന് ഒരു പങ്കുമില്ലാത്ത അവസ്ഥയുണ്ടായിരിക്കുകയാണ്. അവിടത്തെ പാരിസ്ഥിതിക ഘടകങ്ങൾക്ക് പരിക്കേൽപ്പിച്ചുകൊണ്ടു മാത്രമേ ഈ വിമാനത്താവളം നിർമ്മിക്കാൻ കഴിയൂവെന്ന് നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ റിപ്പോർട്ട് മറികടന്ന് ഓഹരിയെടുക്കാൻ തീരുമാനിക്കുന്നത് നിയമസഭയോടുള്ള അവഹേളനവും അവഗണനയുമാണ്. കെ.ജി.എസ്. ഗ്രൂപ്പിന് സ്വന്തമായി ഉപയോഗിക്കാൻ

കഴിയുന്ന 31.7 ഏക്കർ ഭൂമിയിൽ ഭൂരിഭാഗവും വയലാണ്. അവിടെ 232 ഏക്കർ മിച്ചഭൂമിയുണ്ടെന്ന് ലാന്റ് ബോർഡ് കണ്ടെത്തിയിട്ടുണ്ട്. മിച്ചഭൂമിയുടെ 87 ശതമാനം ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്ന് നിയമമുണ്ട്. അതിനാൽ അത് പൊതു ആവശ്യത്തിന് കൈമാറാൻ കഴിയില്ല. ഇത്തരത്തിൽ ഒമ്പതോളം നിയമങ്ങൾ ലംഘിക്കപ്പെട്ടിരിക്കുകയാണ്. കമ്പനി സ്വന്തമായി ഭൂമി കണ്ടെത്തണമെന്നും കേരളത്തിലും ഇന്ത്യയിലും നിലനിൽക്കുന്ന എല്ലാ നിയമങ്ങൾക്കും വിധേയമായി in principle അംഗീകാരം കൊടുക്കണമെന്നുമാണ് മുൻ ഗവൺമെന്റ് എടുത്ത തീരുമാനം. സർക്കാർ എടുത്തിട്ടുള്ള തെറ്റായ തീരുമാനത്തിൽനിന്ന് പിൻമാറാൻ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ആറൻമുള ഗ്രീൻഫീൽഡ് എയർപോർട്ടിന് അനുമതി നൽകിയെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്കവിധം പത്തനംതിട്ട ജില്ലാ കളക്ടർ ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്നും പരാമർശിച്ചിട്ടുള്ള കത്ത് അയച്ചിരിക്കുന്നത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഈ ഗവൺമെന്റ് 10 ശതമാനം ഓഹരി എടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ലാന്റ് ബോർഡിന്റെ റിപ്പോർട്ടിൽ 232 ഏക്കർ മിച്ചഭൂമിയുണ്ടെന്ന പ്രതിപക്ഷത്തിന്റെ പരാമർശം വസ്തുതാവിരുദ്ധമാണ്. ഹിയറിംഗ് നടത്തിയതിനുശേഷം മാത്രമേ മിച്ചഭൂമിയാണോയെന്ന കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയുകയുള്ളൂ. സർക്കാർ ഭൂമി കെ.ജി.എസ്. ഗ്രൂപ്പ് കയ്യേറിയിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കും. യാതൊരു പരിശോധനയും നടത്താതെയാണ് കഴിഞ്ഞ സർക്കാർ

അവിടെ വിമാനത്താവളത്തിനുവേണ്ടി സ്ഥലം നോട്ടിഫൈ ചെയ്തത്. ഈ തെറ്റ് മനസ്സിലാക്കിയതിനാലാണ് ഈ സർക്കാർ 500 ഏക്കറിന് പുറത്തുള്ള സ്ഥലം ഡീ നോട്ടിഫൈ ചെയ്യുമെന്ന് പ്രഖ്യാപിച്ചത്. അതിനുള്ള പ്രവർത്തന ങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയം അടിയന്തിരമായി സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കഴിഞ്ഞ സർക്കാ രിന്റെ കാലത്ത് പ്രസ്തുത വിമാനത്താവളത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി എം.എൽ.എ.മാർ സമീപിച്ചതിന്റെ പശ്ചാത്തലത്തിൽ ചില നടപടികൾ സ്വീക രിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് വിമാനത്താവളത്തെ എതിർത്തും അനുകൂ ലിച്ചും ലഭിച്ച നിരവധി നിവേദനങ്ങൾ പരിശോധിച്ച് ലഭ്യമായിട്ടുള്ള റിപ്പോർട്ടു കളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിമാനത്താവളത്തിന് സാംങ്ഷൻ നൽകി മുന്നോട്ടുപോകുന്നത് ശരിയല്ലെന്നതാണ് പ്രതിപക്ഷത്തിന്റെ നിലപാട്. പരിസ്ഥിതി പഠനത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൊണ്ടുപോകാൻ സന്നദ്ധമാണോ അതോ പ്രതിപക്ഷ എതിർപ്പിനെ അവഗണിക്കുന്ന നിലപാ ടാണോ സർക്കാർ സ്വീകരിക്കാൻ പോകുന്നത് എന്ന് മുഖ്യമന്ത്രി വ്യക്തമാ ക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആറന്മുള എയർപോർട്ടിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാ അനുമതിയും നൽകിയതാണ്. ആറന്മുള എയർപോർട്ട് വേണമെന്ന നിലപാടാണ് സർക്കാരിനുള്ളതെങ്കിലും കഴിഞ്ഞ സർക്കാർ അക്വയർ ചെയ്തതിൽ വിമാനത്താവളത്തിനാവശ്യമായ 500 ഏക്കർ ഒഴിച്ചിട്ടുള്ള മുഴുവൻ സ്ഥലവും ഡീ-നോട്ടിഫൈ ചെയ്യും. അത് അവിടത്തെ

ജനങ്ങളുടെ ആവശ്യമാണ്. 26-09-2011-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ടിന് അനുമതി ലഭിച്ചത്. ആറന്മുള വിമാനത്താവളം വരുന്നതോടുകൂടി മറ്റ് വിമാനത്താവളങ്ങളെ ദോഷകരമായി ബാധിക്കുന്നമെന്ന വാദം തികച്ചും അടിസ്ഥാനരഹിതമാണ്. കേരളത്തിന്റെ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. സാങ്കേതികത്വം പറഞ്ഞ് ഈ പദ്ധതിയെ എതിർക്കുന്ന നിലപാട് അവസാനിപ്പിക്കണം. വിമാനത്താവളത്തിനുവേണ്ടി പുറമ്പോക്ക് ഭൂമി മണ്ണിട്ടുനികത്തിയെന്ന കളക്ടറുടെ റിപ്പോർട്ടിന്മേൽ ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. മിച്ച ഭൂമിയെ സംബന്ധിച്ച് ഒരു തെറ്റിദ്ധാരണയുണ്ടാക്കാൻ ശ്രമിക്കുന്നത് ശരിയല്ല. കമ്പനിയുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിബന്ധനകൾക്ക് വിധേയമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ക്യാബിനറ്റ് തീരുമാനമെടുക്കുകയും ഓർഡർ പുറപ്പെടുവിച്ച് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തത്. നാടിന്റെ വികസനവുമായി ബന്ധപ്പെട്ട് വരുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുമാത്രമേ ഗവൺമെന്റ് തീരുമാനമെടുക്കുകയുള്ളൂ. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യൂ ടി. തോമസ്, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം

അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു. )

## ശ്രദ്ധ ക്ഷണിക്കൽ

### (1) എസ്.സി.എസ്.ടി. വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്ര നയം

ശ്രീ. വർക്കല കഹാർ: ഒരു തുണ്ടുഭൂമിയോ വീടോ ഇല്ലാത്ത ലക്ഷക്കണക്കിന് പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഇന്നും സംസ്ഥാനത്തുണ്ട്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ യഥാർത്ഥ പ്രയോജനം ഇവർക്ക് ലഭിച്ചിട്ടില്ല. ഇവർക്കുവേണ്ടി ആവിഷ്ക്കരിക്കുന്ന പദ്ധതികൾ പലതും അശാസ്ത്രീയവും കാലാനുസൃതമല്ലാത്തതുമാണ്. വിദ്യാഭ്യാസപരമായി ഇവർ പുറകിലാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 51 ശതമാനം പട്ടികജാതിക്കാരുള്ള പ്രദേശങ്ങൾ മാത്രമേ ഫീസിബിളാകു എന്നത് പുന:പരിശോധിക്കണം. ഇവർക്കുവേണ്ടി കോടിക്കണക്കിന് രൂപ ഓരോ വർഷവും മാറ്റിവയ്ക്കുന്നുണ്ടെങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കുന്നില്ല. സഹകരണ മേഖലയിൽ ഇവർക്ക് അർഹമായ പ്രാതിനിധ്യമുണ്ടാകാനും കൃഷിക്കാരെ ഹൈടെക് രീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ അഭ്യസിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഒരു സമഗ്ര നയം ആവിഷ്ക്കരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിൽ വളരെയേറെ മുന്നോട്ട് പോകാൻ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ

ങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇവരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഭൂമി വാങ്ങാനും ഭവനനിർമ്മാണത്തിനും അനുവദിച്ചിരുന്ന തുക നൂറ് ശതമാനം വർദ്ധിപ്പിച്ചു. ചികിത്സാ ധനസഹായം 50,000 രൂപയായും മാരക രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. വിദ്യാഭ്യാസ മേഖലയിലും മറ്റ് മേഖലകളിലും വലിയ മുന്നേറ്റം കൈവരിക്കാൻ ഇവർക്ക് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 100 ശതമാനം വർദ്ധിപ്പിച്ചു. 50 വീടുകളിൽ കൂടുതലുള്ള പട്ടികജാതി സങ്കേതങ്ങൾ സ്വയംപര്യാപ്ത ഗ്രാമങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എസ്.സി/എസ്.ടി വകുപ്പിന്റെ കീഴിൽ പ്രൊഫഷണൽ കോളേജുകൾ വേണമെന്ന ആവശ്യം മുൻനിർത്തി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടിയെടുത്തു വരുന്നു. സഹകരണ മേഖലയിൽ എസ്.സി വിഭാഗത്തിന് കൂടുതൽ പ്രാതിനിധ്യമുണ്ടാക്കാനും കാർഷികമേഖലയിലുണ്ടാകുന്ന നൂതനമായ മാറ്റങ്ങൾ ഈ വിഭാഗങ്ങൾക്കു കൂടി പ്രാപ്തമാക്കാനും നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ട് നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയ സമഗ്ര നയം നടപ്പിലാക്കുന്നതിനായി സംസ്ഥാന എസ്.സി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (2) കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എ. എ. അസീസ് : കശുവണ്ടി വ്യവസായ രംഗത്ത് എണ്ണൂറിൽപ്പരം സ്വകാര്യ ഫാക്ടറികളും കോർപ്പറേഷന്റെ കീഴിൽ 30 ഫാക്ടറികളും

കാപ്പക്സിന്റെ കീഴിൽ 10 ഫാക്ടറിയും പ്രവർത്തിക്കുന്നുണ്ട്. വ്യവസ്ഥാപിത മായി പ്രവർത്തിക്കുന്ന ഫാക്ടറികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത രീതി യിൽ വീടുകളിൽ കുടിവറുപ്പ് നടന്നുവരുകയാണ്. ഫാക്ടറി ഉടമകൾ തൊഴി ലാളികളിൽ നിന്നും ഈടാക്കുന്ന ഇ.എസ്.ഐ, പി.എഫ്, ക്ഷേമനിധി വിഹിതം എന്നിവ കൃത്യമായി അടയ്ക്കാതെ തിരിമറി നടത്തുന്നു. ഇത്തരം ക്രമക്കേടുകൾ തടയാനാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അൺരജി സ്ട്രേഡ് കാഷ്യു ഫാക്ടറീസ് ആക്ട് എന്ന നിയമം കൊണ്ടുവന്നത്. വിദേശ നാണ്യം നേടിത്തരുന്ന കശുവണ്ടി വ്യവസായം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വീടുകളിലെ അനധികൃത തോട്ടണ്ടി സംസ്ക്കരണവും പരിപ്പിന്റെ സംസ്ക്കര ണവും അടിയന്തിരമായി അവസാനിപ്പിക്കുന്നതിന് ലേബർ എൻഫോ ഴ്സ്മെന്റ് സ്ക്വാഡ് ശക്തിപ്പെടുത്തുകയും എൻഫോഴ്സമെന്റിന്റെ പരിശോധ ന റിവ്യു നടത്താൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്യണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : കശുവണ്ടി മേഖലയിലെ നീതി നിഷേധത്തിനെതിരെ പ്രതികരി ച്ചിരുന്ന ട്രേഡ് യൂണിയനുകൾ ഇപ്പോൾ ആ ഉത്തരവാദിത്വം നിർവഹിക്കുന്നു ണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. രജിസ്ട്രേഡ് ഫാക്ടറികളിൽ തന്നെ പാക്കിംഗ് സെന്ററുകളിൽ 9 തൊഴിലാളികൾ എന്നു പറഞ്ഞ് ലൈസൻസ് എടുത്തിട്ട് അവിടെ 60-ഉം 70-ഉം തൊഴിലാളികളെ വച്ച് വ്യവസ്ഥാപിതമായി നടത്തുന്നുണ്ട്. പരിശോധനകൾ നടത്തിയാൽ ബാക്കി തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമെന്നാണ് പറയുന്നത്. അൺ രജിസ്റ്റേർഡ് ഫാക്ടറീസ് ആക്ട് പരിഷ്ക്കരിച്ചുവെങ്കിലും 20 തൊഴിലാളികളിൽ താഴെയുള്ള ഫാക്ടറി കൾ പരിശോധന നടത്താൻ സാധിക്കില്ല എന്ന സാങ്കേതിക വശം ഉന്നയിച്ച് കേസ് എടുത്തിട്ടില്ല. കുടിവറുപ്പ് ഇപ്പോഴും നടക്കുന്നുണ്ടെന്നത് വസ്തുതയാ

ണ്. ഇതുതടയാൻ സ്പെഷ്യൽ ആഫീസർ(കാഷ്യു), ഡി.എൽ.ഒ.(എൻഫോഴ്സുമെന്റ്), ഫാക്ടറി ഇൻസ്പെക്ടർ, ഇ.എസ്.ഐ.ഉദ്യോഗസ്ഥർ, പി.എഫ്. ഉദ്യോഗസ്ഥർ, ലീഗൽമെട്രോളജി ഉദ്യോഗസ്ഥർ, വെൽഫെയർ ബോർഡ് ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് 41 സ്ഥാപനങ്ങളിൽ പരിശോധന നടത്തി ഒട്ടനവധി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. തൊഴിലാളികൾ ആറ് ദിവസം ജോലി ചെയ്താൽ നാല് ദിവസം പോലും ഡി.എ.കൊടുക്കാത്ത സ്ഥിതിവിശേഷമുണ്ട്. കുടിവറുപ്പ് തടയാൻ ട്രേഡ് യൂണിയനുകളും പോലീസും അടക്കം എല്ലാവരുംകൂടി ചേർന്ന പ്രവർത്തനത്തിലൂടെ മാത്രമേ കഴിയൂ. ഇക്കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതായിരിക്കും.

## സബ്മിഷൻ

### (1) വിളർച്ചാ രോഗത്തിനുള്ള മരുന്ന്

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സംസ്ഥാനത്തെ സ്കൂളുകളിലെ എല്ലാ കുട്ടികളും അദ്ധ്യാപകരും യാതൊരു പരിശോധനയും കൂടാതെ പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നതായി പറയപ്പെടുന്ന അയൺ ഗുളിക നിർബന്ധമായി കഴിക്കണമെന്നുള്ള തീരുമാനത്തിൽ ഏതെങ്കിലും വൻകിട ഔഷധ കമ്പനികൾക്ക് സ്വാധീനമുണ്ടോ എന്നതു സംബന്ധിച്ച് അന്വേഷിക്കുകയും തീരുമാനം പുന: പരിശോധിക്കുകയും വേണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥികളുടെ

വിളർച്ച രോഗം തടയുന്നതിനായി ആഴ്ചയിൽ ഒരു ദിവസം അയൺ ഫോളിക് ആസിഡ് ഗുളികകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വളർച്ചയ്ക്ക് ഈ പദ്ധതി വളരെ സഹായിക്കുന്നു. ഈ പദ്ധതിക്കെതിരെ ഉയർന്നുവരുന്ന ആശങ്കകൾ അടിസ്ഥാനരഹിതമാണ്.

## (2) പ്രകൃതി വാതക പൈപ്പ്ലൈൻ സ്ഥാപിക്കൽ

ശ്രീ. ഇ. പി. ജയരാജൻ: ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രകൃതി വാതക പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിൽ ഗവൺമെന്റ് ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായവില ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഗെയിൽ-ന്റെ ഈ പദ്ധതി സംസ്ഥാനത്തിന്റെ പുരോഗതിക്ക് അനിവാര്യമായ ഘടകമാണ്. എറണാകുളത്ത് 42 കി. മീ. പൈപ്പ് ഇട്ടു കഴിഞ്ഞു. വൈദ്യുതി ബോർഡ് ബ്രഹ്മപുരത്ത് പവർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിലാണ്. ഈ പദ്ധതിക്കായി സർക്കാർ ഏറ്റെടുക്കുന്ന ഭൂമിക്ക് അർഹമായ കോമ്പൻസേഷൻ കിട്ടണമെന്ന ആവശ്യത്തോട് ഗവൺമെന്റ് യോജിക്കുന്നു. പൈപ്പ് ഇടുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ പാടില്ല. ആ സ്ഥലത്ത് കൃഷി മാത്രമേ ചെയ്യാനാവൂ. 10 മീറ്ററിന് 30% തുക കോമ്പൻസേഷൻ തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. തിരിച്ചുതരുന്ന 10 മീറ്റർ സ്ഥലത്തുനിന്നും മരങ്ങളോ കെട്ടിടങ്ങളോ മാറ്റുകയാണെങ്കിൽ അതിന്റെ കോമ്പൻസേഷനും നൽകും.

## (3) നിർമ്മിതി കേന്ദ്രം

ശ്രീ. കെ. മുരളീധരൻ: ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണ ഉത്തരവ് നടപ്പിലാക്കിയും അർഹമായ ഉദ്യോഗക്കയറ്റം നൽകിയും പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം പുനസംവിധാനം ചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിർമ്മിതി കേന്ദ്രത്തെ പുന:സംവിധാനം ചെയ്യുന്നതിനും ഫലപ്രദമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കാം.

## (4) ഒല്ലൂരിൽ സബ്ട്രഷറി

ശ്രീ. എം.പി. വിൻസെന്റ്: ഒല്ലൂർ നിയോജകമണ്ഡലത്തിൽ സബ് ട്രഷറി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): തൃശ്ശൂരിൽ എട്ട് കിലോമീറ്ററിനുള്ളിൽത്തന്നെ സബ്ട്രഷറികളുണ്ട്. ഒല്ലൂരിൽ സബ്ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിക്കാം.

## (5) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ മിനിമം കൂലി 320 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും ജോലി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയാക്കി നിജപ്പെടുത്തുന്നതിനും 200 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തുന്നതിനും കൂലി പരമാവധി 14 ദിവസത്തിനകം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ഈ പദ്ധതിയിൽ പണിയെടുക്കുന്നവരുടെ കൂലി വിതരണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് ഇലക്ട്രോണിക് ഫണ്ട് മാനേജുമെന്റ് സിസ്റ്റം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസം തൊഴിലെടുക്കുന്നവർക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. ഈ പദ്ധതിയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളായതിനാൽ ജോലിചെയ്യുന്ന സമയക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. മിനിമം കൂലി 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കന്നുകാലി വളർത്തൽ, കയർ മേഖല, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയെക്കൂടി ഈ പദ്ധതിയിൽപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവരുടെ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്.

## (6) കളിമണ്ണ് വ്യവസായം

പ്രൊഫ. സി. രവീന്ദ്രനാഥ്: പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും തണ്ണീർത്തട സംരക്ഷണ നിയമത്തിനുള്ളിൽ നിന്നുകൊണ്ടും ടൈൽ ഫാക്ടറികൾക്ക് ആവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): റവന്യൂ-കൃഷി വകുപ്പുമന്ത്രിമാരുമായി ആലോചിച്ച് കളിമൺ ഖനനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നത്തിൽ സന്തുലിതമായ കാഴ്ചപ്പാടുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

### (7) ഉദുമ സ്പിന്നിംഗ് മിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ജില്ലയിലെ ഏക പൊതുമേഖലാസ്ഥാപനമായ ഉദുമ സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തിനുള്ള എസ്റ്റിമേറ്റ്, സാംഗ്ഷൻ തുടങ്ങിയ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

### (8) മെട്രോ സിറ്റി

ശ്രീ. അൻവർ സാദത്ത്: കൊച്ചി മെട്രോ റെയിൽ പദ്ധതിയോടനുബന്ധിച്ച് ആലുവ നിയോജകമണ്ഡലത്തിലെ ചൂർണ്ണിക്കര പഞ്ചായത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന മെട്രോ സിറ്റിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് ന്യായവില ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തെത്തുടർന്ന് മെട്രോ സ്റ്റേഷൻ, മെട്രോ ഡിപ്പോ, അലൈൻമെന്റ് എന്നിവയ്ക്കായി പ്രോപ്പർട്ടി ഡെവലപ്മെന്റ് സ്കീം നടപ്പിലാക്കുന്നതിനായി 94.52 ഹെക്ടർ സ്ഥലം ആലുവ നിയോജകമണ്ഡലത്തിലെ ചൂർണ്ണിക്കര പഞ്ചായത്തിലും കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്തിലും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

### (9) അടൂർ ഫയർ സ്റ്റേഷൻ

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: പുതിയ വാഹനങ്ങളും ഫയർ ഉപകരണങ്ങളും ലഭ്യമാക്കി ഫയർമാന്മാരുടെ തസ്തികകൾ നികത്തി അടൂർ നിയോജകമണ്ഡലത്തിലെ ഫയർ സ്റ്റേഷന്റെ ദുരവസ്ഥയ്ക്ക് പരിഹാരം കാണണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> അടൂർ അഗ്നിശമന നിലയത്തിനനുവദിച്ചിട്ടുള്ള രണ്ട് വാട്ടർ ടാങ്കുകളിൽ ഒരെണ്ണം പ്രവർത്തരഹിതമായതിനാൽ കൊല്ലം നിലയത്തിൽ നിന്നുള്ള ഒരെണ്ണം അനുവദിച്ച് താൽക്കാലികമായി ഉപയോഗിച്ചുവരുന്നു. പുതിയ വാഹനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഈ നിലയത്തിന് മുൻഗണന നൽകുന്നതാണ്.

**(10) <u>24 മണിക്കൂറും പോസ്റ്റുമോർട്ടം നടത്തേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർക്കാർ ആശുപത്രികളിൽ 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> രാത്രി പോസ്റ്റ്മോർട്ടം അനുവദിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെല്ലായിടത്തും ഇത് നടപ്പിൽ വന്നിട്ടില്ല. മെഡിക്കൽ ജൂറിസ്പ്രൂഡൻസിൽ രാത്രി പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളൊന്നുമില്ലെന്ന് നിയമവകുപ്പ്സെക്രട്ടറി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. രാത്രികാലങ്ങളിൽ ആവശ്യത്തിന് വെളിച്ചം ലഭ്യമാക്കിക്കൊണ്ട് പോസ്റ്റുമോർട്ടം നടത്തത്തക്ക രീതിയിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം പരിഗണിച്ച് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടി നിയമവകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുൾക്കൊള്ളുന്ന സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഫോറൻസിക് ഡോക്ടർമാരുടെ സ്ട്രെങ്ത്തും അടിസ്ഥാന സൗകര്യങ്ങളും

വർദ്ധിപ്പിക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യ വർദ്ധവിനുവേണ്ടി എം.എൽ.എ. ഫണ്ട് വിനിയോഗിക്കാമെന്നുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ചാലുടൻ തീരുമാനം കൈക്കൊള്ളുന്നതാണ്.

### (11) തൃശ്ശൂർ എസ്.ആർ.വി. സംഗീത വിദ്യാലയം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂരിലെ എസ്.ആർ.വി. സംഗീത വിദ്യാലയം കോളേജാക്കി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 38 വിദ്യാർത്ഥികൾ മാത്രം അധ്യയനം നടത്തിവരുന്ന തൃശൂർ എസ്.ആർ.വി. മ്യൂസിക് സ്കൂളിന് 2013-14 അദ്ധ്യയന വർഷത്തിൽ പുതുതായി അഡ്മിഷൻ നൽകാതെ നിലവിൽ പഠിക്കുന്നവർക്കുമാത്രം പരീക്ഷ നടത്തേണ്ടതാണെന്നും ഈ കോഴ്സ് തീരുന്നതോടെ അദ്ധ്യാപകരെ മറ്റ് സർക്കാർ സ്ക്കൂളുകളിലേക്ക് മാറ്റി നിയമിച്ചുകൊണ്ട് ഈ സ്ക്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണെന്നും കാണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ സംഗീത കോളേജായി ഉയർത്തേണ്ട ആവശ്യകത നിലനിൽക്കുന്നില്ല.

### (12) ഇൻസ്ട്രക്ടർമാർക്ക് മിനിമം വേതനം

ശ്രീ. റോഷി അഗസ്റ്റിൻ: സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഇൻസ്ട്രക്ടർമാർക്ക് വിദ്യാഭ്യാസ യോഗ്യതയുടേയും തൊഴിലിന്റേയും പരിചയത്തിന്റേയും അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് നൽകുന്ന മാസ വേതനം 3000 രൂപയാണ്. ഈ തുക യഥാസമയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012 ഏപ്രിൽ മുതൽ 2013 മാർച്ച് വരെയുള്ള മാസവേതനവും മറ്റ് അലവൻസുകളും അതാത് ജില്ലാ ഉപഡയറക്ടർമാർക്ക് നൽകിക്കഴിഞ്ഞു. സംസ്ഥാനത്ത് ഇതുവരേയും ഒരു ബദൽ വിദ്യാലയവും സർക്കാർ അടച്ചുപൂട്ടിയിട്ടില്ല. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ബദൽ വിദ്യാലയങ്ങൾ സർക്കാർ സ്കൂളുകളാക്കി മാറ്റുമ്പോൾ പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടേയും സീനിയോറിറ്റിയുടേയും പ്രവർത്തിപരിചയത്തിന്റേയുമടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രീ-പ്രൈമറിതലം ഉൾപ്പടെയുള്ള ഒഴിവുകളിലേക്ക് പരിഗണിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(13) **പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തികയിൽ മുൻഗണന**

ശ്രീ. മാത്യു ടി. തോമസ്: പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയിൽ മുൻഗണന നല്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): നിലവിലുള്ള റൂൾസ് പ്രകാരം യോഗ്യരായ ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ അഭാവത്തിൽ മാത്രമേ യു.പി.എസ്., എൽ.പി.എസ്. അദ്ധ്യാപകർക്ക് ബൈ ട്രാൻസ്ഫർ വഴി നിയമനം നൽകാൻ സാധിക്കുകയുള്ളു. പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് നിയമനത്തിൽ പ്രത്യേക പരിഗണന നൽകുന്നതിന് നിലവിലുള്ള ഹയർ

സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്പോൾ റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(14) **കുടിവെള്ള വിതരണം**

ശ്രീ. രാജു എബ്രഹാം: വരൾച്ച അതിരൂക്ഷമായ സാഹചര്യത്തിൽ എല്ലാജില്ലകളിലും ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : തുലാവർഷത്തിൽ വന്ന കുറവിനെത്തുടർന്ന് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി നടത്തിയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഒന്നാകെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവിറക്കിയിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയിട്ടുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അവലോകന യോഗങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ദുരിതാശ്വാസ പ്രവർത്തനങ്ങളും കുടിവെള്ള വിതരണ പ്രവർത്തനങ്ങളും ജില്ലാ കളക്ടർമാർ മുഖേന നടത്തിവരുന്നു. ഇതിനുപുറമെ ക്യാബിനറ്റ് യോഗം ചേർന്ന് വരൾച്ച നേരിടുന്നതിനാവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കുന്നതിന് വിവിധ ജില്ലകൾക്ക് 85 കോടി രൂപ വിതരണം ചെയ്തിട്ടുള്ളതുകൂടാതെ അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് പ്രത്യേക ഫണ്ടും അനുവദിച്ചിട്ടുണ്ട്.

(15) **കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

ശ്രീ. ഐ.സി. ബാലകൃഷ്ണൻ : വയനാട് ജില്ലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചമൂലം കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും കബനി നദിയിൽ അണക്കെട്ട് ഉണ്ടാക്കുന്നതിനും അശാസ്ത്രീയമായി കുടിവെള്ള പദ്ധതികൾ തയ്യാറാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന വയനാട് ജില്ലയിൽ മുള്ളംകൊല്ലി വാട്ടർ സപ്ലൈ സ്കീം മാർച്ച് മാസത്തിൽ ഉദ്ഘാടനം ചെയ്യുന്നതും മാനന്തവാടിയിൽ പുതിയ പദ്ധതിക്ക് തുടക്കം കുറിക്കുന്നതുമാണ്. വരൾച്ച നേരിടുന്നതിന് കബനി നദിയിൽ അണക്കെട്ടുണ്ടാക്കണമെന്ന നിർദ്ദേശം പരിഗണനയിലാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : കൃഷി പ്രധാന വരുമാനമാർഗ്ഗമായ വയനാട് ജില്ലയുടെ 63,000 ഹെക്ടർ സ്ഥലം വരൾച്ച ബാധിതമായാണ് കണക്കാക്കുന്നത്. രൂക്ഷമായ വരൾച്ചമൂലം 700 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കുന്നില്ലെന്ന് മാത്രമല്ല, നെല്ല്, കുരുമുളക്, പച്ചക്കറി തുടങ്ങിയ കാർഷിക വിളകളും നാശത്തിന്റെ വക്കിലാണ്.

### (16) സംരക്ഷണ ഭവനം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : പ്രായാധിക്യം മൂലവും രോഗങ്ങൾ മൂലവും കഷ്ടപ്പെടുന്ന അനാഥരും ഉപേക്ഷിക്കപ്പെട്ടവരുമായ വയോജനങ്ങളുടെ സംരക്ഷണാർത്ഥം സാമൂഹ്യക്ഷേമ/ആരോഗ്യ വകുപ്പുകളുടെ നേതൃത്വത്തിൽ ജില്ലകൾതോറും ആശുപത്രികൾ കേന്ദ്രീകരിച്ച് സംരക്ഷണ ഭവനങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : 15 വൃദ്ധസദങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സന്നദ്ധ സംഘടനകൾ നടത്തുന്ന തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ഒരു അന്തേ വാസിക്ക് പ്രതിമാസം 750 രൂപ നിരക്കിൽ സാമൂഹ്യക്ഷേമ വകുപ്പ് ധന സഹായം നൽകുന്നത് കൂടാതെ 65 മുതൽ 79 വയസ്സുവരെ പ്രായമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് പ്രതിമാസം 400 രൂപയും 80 വയസ്സിനുമേൽ പ്രായമുള്ളവർക്ക് 900 രൂപയും പെൻഷൻ നൽകിവരുന്നുണ്ട്. 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവി ധാനം, ലാബോടുകൂടിയുള്ള മൊബൈൽ ക്ലിനിക്, വീട്ടിൽനിന്ന് ആശുപത്രി യിൽ എത്തിക്കുന്നതിനുള്ള ആമ്പുലൻസ് സൗകര്യം, വീട്ടിലെത്തിയുള്ള പാലിയേറ്റീവ് കെയർ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്ന വയോമിത്രം പദ്ധ തിയും നടപ്പിലാക്കിവരുന്നു. മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഉറപ്പുവരു ത്തുന്നതിന് മെയിന്റനൻസ് ട്രിബ്യൂണലുകളും അപ്പലേറ്റ് ട്രിബ്യൂണുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. വൈകല്യമുള്ളവരുടെ പുനരധിവാസ ത്തിനുള്ള കേന്ദ്ര പദ്ധതിയായ ഡിസ്ട്രിക്ട് ഡിസ്എബിലിറ്റി റിഹാബിലിറ്റേ ഷൻ സെന്റർ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് 14 ജില്ലാ ആശുപത്രിക ളിലും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപ ത്രികളോടനുബന്ധിച്ച് കൺവാലിസെന്റ് ഹോം സംവിധാനമുണ്ടാക്കുന്നതിനെ ക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

**(17) കോടഞ്ചേരി പി.എച്ച്.സി.**

ശ്രീ. സി. മോയിൻ കുട്ടി : പട്ടികവർഗ്ഗ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.യിൽ നിലവിലുണ്ടായിരുന്ന

കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : കോടഞ്ചേരി പി.എച്ച്.സി.-യിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള മുഴുവൻ ജീവനക്കാരേയും നിയമിച്ചിട്ടുണ്ട്. ഈ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനാവശ്യമായ അധിക ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

### (18) അരീക്കോട് സി.എച്ച്.സി.

ശ്രീ. പി.കെ. ബഷീർ : അരീക്കോട് സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : അരീക്കോട് സി.എച്ച്.സി.യിൽ സാമൂഹ്യാരോഗ്യ കേന്ദ്ര പാറ്റേണിലുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. താലൂക്കാശുപത്രിയായി ഈ സ്ഥാപനത്തെ ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സ്ഥലസൗകര്യം ഇപ്പോൾ ലഭ്യമല്ല. ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് താലൂക്കാശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

## സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ധനവിനിയോഗബിൽ പരിഗണനയ്ക്കെടുക്കുന്നതിനുള്ള സമയം സഭയുടെ അനുമതിയോടെ വേവ് ചെയ്തിരിക്കുന്നു.

## (19) ഞാവളിൽ കടവ് പാലം

ശ്രീ. എ.കെ. ബാലൻ : ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൽ കടവ് പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകാനും തുടർനടപടികൾ ത്വരിതപ്പെടുത്താനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്) : ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൽ കടവ് പാലം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഡിസൈൻ തയ്യാറാക്കലും പുരോഗമിച്ചുവരികയാണ്. ഡി.പി.ആർ തയ്യാറായിക്കഴിഞ്ഞാൽ പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി പണി ആരംഭിക്കുന്നതാണ്.

## (20) കൂളിയാട്ടുകടവ് പാലം

ശ്രീ. എം. ചന്ദ്രൻ : ആലത്തൂർ നിയോജകമണ്ഡലത്തിലെ കൂളിയാട്ടു കടവ് പാലം നിർമ്മാണത്തിന് അടിയന്തരമായി ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്) : കൂളിയാട്ടുകടവ് പാലം നിർമ്മിക്കുന്നതിന് സ്റ്റിമുലസ് പാക്കേജിൽ 180 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് നൽകിയ ഇൻവെസ്റ്റിഗേഷൻ പ്രകാരം 3 സ്പാനുകളോടുകൂടിയ പാലത്തിന്റെ ഡിസൈൻ അംഗീകരിക്കുകയും 620 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2012-ലും റേറ്റ് റിവിഷൻ വന്നതുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

1. 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഏഴാമതും എട്ടാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**പ്രത്യേക പരാമർശം**

**വനിതാ എം.എൽ.എ.-മാരെ ആക്രമിച്ച പോലീസുകാർക്കെതിരെ നടപടി**

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : വനിതാ എം.എൽ.എ.-മാരായ ശ്രീമതി ഗീതാ ഗോപി, ശ്രീമതി ഇ.എസ്. ബിജിമോൾ എന്നിവരെ പോലീസ് ആക്രമിച്ച വിഷയത്തിന്മേൽ നടപടി സ്വീകരിക്കുന്നതാണെന്ന് ആഭ്യന്തരവും വിജലൻസും വകുപ്പുമന്ത്രി പറയുകയുണ്ടായി. അത് സംബന്ധിച്ച നടപടി ഏതുവരെയായി എന്നത് സംബന്ധിച്ച് വിശദീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഇത് സംബന്ധിച്ച എല്ലാ വിവരങ്ങളും നാളെ സഭയിൽ വ്യക്തമാക്കുന്നതാണ്.

**നിയമനിർമ്മാണകാര്യം**

## (1) 2013-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2013-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ.എം. മാണി : 2013-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി : സഭ പാസ്സാക്കിത്തന്ന 4900 കോടി രൂപയുടെ ഉപ ധനാഭ്യർത്ഥനകൾ ചെലവ് ചെയ്യുന്നതിനുള്ള ധനവിനിയോഗ ബിൽ മാത്രമാണ് ചർച്ച ചെയ്യപ്പെടുന്നത്.

ശ്രീ. പി.ടി.എ. റഹീം : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ആസ്തി വികസന ഫണ്ട് ഇനത്തിൽ പൊതുമരാമത്ത് വകുപ്പിലുള്ള റോഡുകളുടെയും പാലങ്ങളുടെയും എ.എസ്. ലഭിച്ചതല്ലാതെ മറ്റ് നടപടികൾ ആയിട്ടില്ല. സ്കൂൾ കെട്ടിടവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പിൽനിന്ന് എ.എസ്. ലഭിക്കാത്തതിനാൽ ഫണ്ട് ലാപ്സാകുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകും. മലബാർ മേഖലയിലെ 5 ജില്ലകളിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റിന്റെ ഒരു പോസ്റ്റ് മാത്രം അനുവദിച്ച നടപടി പുനഃപരിശോധിക്കണം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അധികാരത്തിൽവന്ന് 100 ദിവസംകൊണ്ട് 107 പരിപാടികൾ പ്രഖ്യാപിച്ചതിൽ 102-ഉം നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞു. ഒരു വർഷത്തെ കർമ്മപരി പാടിയിലുൾപ്പെടുത്തിയ 664 പദ്ധതികളിൽ 374 എണ്ണവും നടപ്പാക്കി. പ്രഖ്യാ പിച്ച 91 ശതമാനം പരിപാടികളും നടപ്പാക്കാൻ സർക്കാരിന് സാധിച്ചു. രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ കഴിഞ്ഞു. നെൽകർഷകന് ഹെക്ടർ ഒന്നിന് 4000 രൂപ ധനസഹായം നൽകുന്ന പദ്ധതി, 1 ലക്ഷം ഭൂരഹി തർക്ക് ഭൂമി നൽകൽ തുടങ്ങിയ നിരവധി ജനക്ഷേമ പരിപാടികൾ നയപ്രഖ്യാ പനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. ആരോഗ്യപരമായ വിമർശനത്തിനുള്ള ഇച്ഛാശക്തി പ്രതിപക്ഷം പ്രകടിപ്പിക്കണം. ക്ഷേമ പെൻഷ നുകളെല്ലാം കൊടുത്തു തീർക്കാൻ കഴിഞ്ഞു. ഭരണ-പ്രതിപക്ഷ ഭേദമെന്യ എം.എൽ.എ.മാരുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന സാങ്കേ തിക തടസ്സങ്ങൾ മാറ്റാൻ തയ്യാറായ ഗവൺമെന്റാണിത്.

<u>ശ്രീ. ഇ.കെ. വിജയൻ:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ സർക്കാരിന് പദ്ധതി വിഹിതം ചെലവാക്കാൻ സാധിച്ചിട്ടില്ല. ഉദ്യോഗസ്ഥ തലത്തിൽ ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നില്ല. കുടിവെള്ള വിത രണം സ്വകാര്യ കമ്പനികളെ ഏൽപിക്കുന്ന സർക്കാരിന്റെ നടപടികൾ അംഗീ കരിക്കാൻ സാധ്യമല്ല. വാട്ടർ അതോറിറ്റി എന്ന പൊതുമേഖലാ സ്ഥാപ നത്തെ ഇല്ലാതാക്കി വലിയ വിലയ്ക്ക് നഗരങ്ങളിൽ വെള്ളം കൊടുക്കാൻ പരീക്ഷണം നടത്തുന്നത് വിമർശനാത്മകമാണ്. ഇന്ധന വിലവർദ്ധനവിന്റെ പേരിൽ ട്രാൻസ്പോർട്ട് ചാർജ്ജും വൈദ്യുതി നിരക്കും വെള്ളക്കരവും വൻതോതിൽ വർദ്ധിപ്പിക്കുന്ന നടപടി ന്യായീകരിക്കാനാവില്ല. ആസ്തിവിക

സന ഫണ്ടുമായി ബന്ധപ്പെട്ട 5 കോടി രൂപയുടെ പദ്ധതിക്കുള്ള മുഴുവൻ തുകയും അടിയന്തരമായി അനുവദിച്ചുനൽകണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ആസ്തിവികസന ഫണ്ടിലൂടെ എം.എൽ.എ.മാർക്ക് അഞ്ച് കോടി രൂപ അനുവദിക്കുകയും വികസന പ്രവർത്തനങ്ങൾക്ക് പണം തടസ്സമല്ലാത്തൊരു സ്ഥിതിവിശേഷമുണ്ടാക്കുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിനെതിരെ പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു. ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ജനറിക് മരുന്നുകൾ ഉൾപ്പെടെയുള്ളവ വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരമായി സമഗ്ര പദ്ധതികൾക്ക് രൂപം നൽകി. ഭവനനിർമ്മാണ രംഗത്ത് ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കണം. സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനും എയ്ഡഡ് വിദ്യാലയങ്ങളുടെ നിലവാരം ഉയർത്താനും വിദ്യാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഒരു പാക്കേജ് ആവിഷ്ക്കരിക്കാനും കഴിയണം. ആഭ്യന്തര വകുപ്പിന് പ്രശംസനീയമായ നേട്ടങ്ങൾ കൈവരിക്കാനും ക്രമസമാധാന നില പുന:സ്ഥാപിക്കാനും സാധിച്ചു.

<u>ശ്രീ. മാത്യൂ ടി. തോമസ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സമസ്ത മേഖലകളിലും ഈ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമാണ്. കേന്ദ്ര സർക്കാർ കാർഷിക മേഖലയിലെ സബ്സിഡി നിർത്തലാക്കുകയും പാചകവാതക-റേഷൻ സബ്സിഡികൾ ഇല്ലാതാക്കുകയും ചെയ്തിരിക്കുക

യാണ്. ഭരണഘടനാ ഭേദഗതിയുടെ പേരിൽ നിയമം പാസ്സാക്കി സഹകരണ മേഖലയെ തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കുടിവെള്ളക്ഷാമത്തിനും വിലക്കയറ്റത്തിനുമെതിരായി നടപടി സ്വീകരിക്കുകയും കമ്പോളത്തിൽ സജീവമായി ഇടപെടുകയും വേണം. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തണം. പ്രാദേശിക വികസനത്തിനായി എം.എൽ.എ. മാർക്ക് അനുവദിക്കുന്ന ഫണ്ടിന്മേൽ നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണം. കാർഷികമേഖലയിൽ വളം സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാനും കർഷകരെ സഹായിക്കാനും തയ്യാറാകണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ശക്തമായ ധനകാര്യ മാനേജ്മെന്റിലൂടെ വികസന-വികസനേതര പ്രവർത്തനങ്ങൾക്കുവേണ്ടി ഫണ്ട് അനുവദിച്ചുകൊണ്ട് സംസ്ഥാനത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്ന സർക്കാരാണിത്. വികസന മേഖലയിൽ പ്രവർത്തനസജ്ജരായ ഉദ്യോഗസ്ഥരെ കിട്ടുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് സർവ്വീസിന്റെ മധ്യനിരയിൽ നിയമിച്ച് മൂന്നുവർഷം കഴിഞ്ഞ് ഐ.എ.എസ്. ലേയ്ക്ക് കൺഫർ ചെയ്യുന്നതിനെപ്പറ്റി ഗവൺമെന്റ് സജീവമായി ആലോചിക്കണം.

ശ്രീ. എം.എ. ബേബി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സമസ്ത മേഖലകളിലും സംസ്ഥാന ഗവണ്മെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. വൈദ്യുതിയും ഗതാഗതവും കേരളത്തിലെ ജനങ്ങൾക്ക് അപ്രാപ്യമാകുന്ന സ്ഥിതിവിശേഷമാണ് വരാൻ പോകുന്നത്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ചില്ലെങ്കിൽ തിരിച്ചുപിടിക്കുന്ന സമീപനം അപമാനകരമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ജനജീവിതം

ദുസ്സഹമാക്കിയിരിക്കുകയാണ്. പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. നികുതി പിരിവിൽ കുറവുണ്ടാക്കി കേരളത്തെ കടക്കെണിയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കാൻ സംസ്ഥാന ഗവണ്മെന്റ് ആർജ്ജവം കാണിക്കണം. കാരുണ്യലോട്ടറിയിലൂടെ നേട്ടമുണ്ടാക്കിയ സർക്കാർ നടപടി അഭിനന്ദനാർഹമാണ്. സഹകരണമേഖലയെ തകർക്കുന്ന നിയമം പാസ്സാക്കിയ സർക്കാരാണിത്. കറണ്ട് അക്കൗണ്ട് കമ്മി വർദ്ധിച്ചതും രൂപയുടെ മൂല്യം ഇടിഞ്ഞതും കാണാതിരിക്കരുത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകളിൽ 99 ശതമാനത്തിനും ക്ലിയറൻസ് കൊടുത്തിട്ടുണ്ട്. ബഡ്ജറ്റിൽ 250 പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നതിൽ 130 എണ്ണം നടന്നുകൊണ്ടിരിക്കുകയാണ്. ആകെ 380 പദ്ധതികളുള്ളതിൽ 350-ഉം നടപ്പിലാക്കി. ടാക്സ് കളക്ഷനിൽ 22 ശതമാനം വർദ്ധനവാണ് വിഭാവന ചെയ്തിരുന്നതെങ്കിലും ജനുവരി മാസം തന്നെ അത് കൈവരിക്കാൻ സാധിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ മുഴുവൻ വിതരണം ചെയ്തു ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ 2013 മാർച്ച് ആദ്യം തന്നെ വിതരണം ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2013-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം 58 -നെതിരെ 69 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

(i) **2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

**ബിൽ ഭരണഘടനാ വിരുദ്ധമാണെന്നതു സംബന്ധിച്ച്**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ബില്ലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ഓർഡിനൻസ് രാഷ്ട്രപതി പുറപ്പെടുവിച്ചിട്ടുണ്ട്.

അതിന് വിരുദ്ധമായ കാര്യങ്ങൾ ഈ ബില്ലിൽ കടന്നുകൂടിയിട്ടുള്ളതിനാൽ ഇത് ഭരണഘടനയുടെ 254-ാം വകുപ്പിന്റെ ലംഘനമാണ്. ജനറൽ ക്ലോസസ് ആക്ട് പ്രകാരം കേസ് എടുക്കുന്ന ഓഫീസറാണ് ഏത് ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യണമെന്ന് തീരുമാനിക്കുന്നത്. ഇപ്പോൾ പാസ്സാക്കുന്ന ബിൽ പ്രകാരം കേസ് രജിസ്റ്റർ ചെയ്താൽ പ്രതിക്ക് ശിക്ഷ കുറയുകയും കേന്ദ്ര നിയമമനുസരിച്ചാണെങ്കിൽ ശിക്ഷ കൂടുകയും ചെയ്യും. സംസ്ഥാന ത്തിന് നിയമനിർമ്മാണാവകാശമുണ്ടെങ്കിലും ഇത്തരം നിയമങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങണം. ഇന്ന് രാജ്യത്തിന് ആവശ്യമായിട്ടുള്ള ഓർഡിനൻസാണ് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. നിരവധി വനിതാ സംഘടനകൾ ഇതിനെതിരെ രംഗത്ത് വന്ന സാഹചര്യത്തിൽ ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ) : സംസ്ഥാന ഗവൺമെന്റിന് ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ അവകാശമുണ്ട്. ഇവിടെ പരാമർശിച്ച ജനറൽ ക്ലോസ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസിൽ വരുന്നതാണ്. അത് പാർലമെന്റ് ചർച്ച ചെയ്യാൻ പോകുന്നതേയുള്ളൂ. ഈ ബിൽ ഒരു സ്പെഷ്യൽ നിയമം ആയി പാസ്സാക്കാനുള്ള അധികാരം നിയമസഭയ്ക്കുണ്ട്. ഓർഡിനൻസിൽ പറയുന്ന ഡെഫനിഷനും ഇവിടെ എടുത്തിട്ടുള്ള ഡെഫനിഷനും വ്യത്യസ്തങ്ങളായതി നാൽ തർക്കമുണ്ടാകാൻ സാധ്യതയില്ല. ഐ.പി.സി.യും സി.ആർ.പി.സി.യും എവിഡൻസ് ആക്ടുമാണ് കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാർ അതിനേക്കാൾ വിപുലമായ മേഖലയിലേയ്ക്കാണ് വന്നിട്ടുള്ളത്. അത് കേന്ദ്ര ആക്ടുമായി കോൺട്രഡിക്ടറിയല്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u> : ഈ ബിൽ നിയമസഭ പ്രസിദ്ധീകരിച്ചത് ഫെബ്രുവരി ഒന്നാം തീയതിയാണെങ്കിൽ ഫെബ്രുവരി മൂന്നാംതീയതിയാണ് പ്രസിഡന്റ് 'ക്രിമിനൽ നടപടി ഭേദഗതി ഓർഡിനൻസ്' പുറപ്പെടുവിച്ചത്. കൺകറന്റ് ലിസ്റ്റിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചിടത്തോളം പാർലമെന്റിനും നിയമ സഭയ്ക്കും നിയമനിർമ്മാണാധികാരം ഉണ്ടെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 246 -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആർട്ടിക്കിൾ 284 -ന്റെ ഒന്നാം ഖണ്ഡപ്രകാരം പാർലമെന്റ് നിയമം ഉണ്ടാക്കിയിട്ടുള്ള അതേ കാര്യത്തിൽ സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തിയാൽ നിയമസഭ നടത്തുന്ന നിയമനിർമ്മാണം ആ പ്രത്യേക സംഗതിയെ സംബന്ധിച്ചിടത്തോളം അസാധുവായിരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അതുപോലെ 254-ലെ രണ്ടാം ഖണ്ഡപ്രകാരം കൺകറന്റ് ലിസ്റ്റിലുള്ള വിഷയത്തെപ്പറ്റി പാർലമെൻറ് നിയമനിർമ്മാണം നടത്തിയാൽപ്പോലും അതേ വിഷയത്തെപ്പറ്റി അതിലെ വ്യവസ്ഥകൾക്ക് എതിരായി സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തുമ്പോൾ അത് പ്രസിഡന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അദ്ദേഹത്തിന്റെ അനുമതി ലഭിക്കുകയും ചെയ്യുന്ന പക്ഷം സംസ്ഥാന നിയമം നിലനിൽക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ബിൽ ഇന്ന് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുക മാത്രമാണ് ചെയ്യുന്നത്. സബ്ജക്ട് കമ്മിറ്റിക്ക് ഇത് പരിശോധിച്ച് കേന്ദ്ര നിയമത്തിന് അനുസൃതമാക്കാൻ കഴിയും. ഈ സാഹചര്യത്തിലും മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : '2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ' ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച xiv -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : കേരളത്തെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് നൽകിയ വാഗ്ദാനം സുപ്രധാനമായ ഈ നിയമനിർമ്മാണത്തിലൂടെ നിറവേറ്റുകയാണ് സർക്കാർ ചെയ്യുന്നത്. സ്ത്രീകൾക്ക് ജീവിക്കാനുള്ള അവകാശവും സുരക്ഷയും അക്രമത്തിൽ നിന്നും ചൂഷണത്തിൽ നിന്നുമുള്ള മോചനവും ലഭിക്കണം. അതിക്രമത്തിന് വിധേയമാകുന്ന ഓരോ സ്ത്രീക്കും സമാശ്വാസവും സഹായവും സാന്ത്വനവും ലഭിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യം ഉണ്ടാകണം. ഇൻഡ്യൻ പീനൽ കോഡിനകത്തും ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000-നകത്തും ഇൻഡീസന്റ് റെപ്രസന്റേഷൻ ഓഫ് വിമൺ പ്രൊഹിബിഷൻ ആക്ട് 1986-നകത്തും ഈ നിയമത്തിനകത്തെ ചില ഭാഗങ്ങൾ പലയിടത്തായി ചിന്നിച്ചിതറി കിടക്കുകയാണ്. അതിനകത്തൊരു കോ-ഓർഡിനേഷൻ ഉണ്ടാക്കി ആധുനിക കാലത്ത് അവരേൽക്കേണ്ടി വരുന്ന ബുദ്ധിമുട്ടും പ്രയാസവും തരണം ചെയ്യുന്നതിനുവേണ്ടിയുള്ള നിയമപരമായ ശാക്തീകരണമാണ് ഈ സ്പെഷ്യൽ ലാ കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകൾക്ക് പൂർണ്ണ സംരക്ഷണം കൊടുക്കുന്നവ്യവസ്ഥകളാണ് ബില്ലിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. പൊതു സ്ഥാപനങ്ങളിലെ അരക്ഷിതാവസ്ഥ സംബന്ധിച്ച് കൊടുക്കുന്ന പരാതി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് അയയ്ക്കാതിരിക്കുകയും യുക്തമായ നടപടി എടുക്കുന്നതിന് ശ്രമിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥാപന ഉടമകളെക്കൂടി ശിക്ഷാനടപടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 5-3-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമം പാസ്സാക്കുന്നതിനായി കക്ഷിരാഷ്ട്രീയ ഭേദമെന്യേ സഭ ഒരുമിച്ചു നിൽക്കണം. സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങളിലേയ്ക്ക് നയിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ട ചുമതല സമൂഹത്തിനുണ്ട്. കുറ്റവാളികൾക്ക് കർശനമായ ശിക്ഷ നൽകിയതുകൊണ്ടോ വധശിക്ഷ പ്രഖ്യാപിച്ചതുകൊണ്ടോ തിരക്കിട്ട് നിയമനിർമ്മാണം നടത്തിയതുകൊണ്ടോ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നില്ല. കോഫീഡേ പോലുള്ള സ്ഥാപനങ്ങൾ, മൊബൈൽ ഫോണിന്റെ അനാവശ്യ ഉപയോഗം, ട്വിറ്ററിന്റെ അമിത ഉപയോഗം, വസ്ത്രധാരണരീതി എന്നിവ സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങൾക്ക് കാരണമാകുന്നുണ്ട്. സ്കൂൾ കോളേജ് കുട്ടികൾക്ക് ഇവയുടെ ദോഷവശങ്ങളെക്കുറിച്ച് അവബോധം നൽകേണ്ടതുണ്ട്. സ്ത്രീകളുടെ അന്തസ്സും ആഭിജാത്യവും സംരക്ഷിക്കപ്പെടേണ്ടതാണ്. ഈ ബില്ലിലെ ദുരുപയോഗ സാദ്ധ്യതയുള്ള വകുപ്പുകൾ ഒഴിവാക്കണം. കുറ്റവാളികൾ ശിക്ഷിക്കപ്പെടണം. എന്നാൽ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ നിരപരാധിയെ കുറ്റക്കാരനായി ചിത്രീകരിക്കാനും പാടില്ല.

<u>ശ്രീ. എം.എ. ബേബി:</u> 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമത്തിൽ കുറെയധികം അപര്യാപ്തതകളുണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസിലെ ചില വകുപ്പുകൾ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കുറ്റവാളികളെ കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്താണെന്ന് അന്വേഷിക്കേണ്ടതാണ്. സമൂഹത്തിൽ പുരുഷൻമാർക്ക് തുല്യം അവകാശം സ്ത്രീക്കുമുണ്ട്. സ്ത്രീകൾക്കുനേരെ ഉണ്ടാകുന്ന അതിക്രമങ്ങളെ ഓർത്ത് ലജ്ജിക്കണമെന്നും തിരുത്തണമെന്നും പറയുമെങ്കിലും പുരുഷാധിപത്യപരമായ മനോഭാവമാണ് പുരുഷൻമാർക്കുള്ളത്. ബില്ലിന്റെ പേര് ഇപ്പോൾ ഉള്ളത് മാറ്റി "സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്ന ബിൽ" എന്ന് നാമകരണം ചെയ്യണം. ബില്ലിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്ന നിർവ്വചനങ്ങളിൽ മാറ്റംവരുത്തണം. ഓരോ കുറ്റകൃത്യത്തിന്റേയും തീവ്രതയനുസരിച്ച് ശിക്ഷയിൽ മാറ്റമുണ്ടാകണം. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും പലവിധ പീഡനങ്ങളും നേരിടേണ്ടിവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് വിശദമായ അഭിപ്രായ രൂപീകരണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ബില്ലിന് അന്തിമ രൂപം നൽകുന്നതിനുമുമ്പ് പാർലമെന്റ് എത്തിച്ചേരുന്ന തീരുമാനമെന്താണെന്നുകൂടി പരിശോധിക്കുന്നത് നന്നായിരിക്കും.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u> : സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ ബിൽ സംബന്ധിച്ച് വനിതാ എം.എൽ.എ. മാരുമായി ചർച്ച നടത്തിയെ

ങ്കിലും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ബില്ലിൽ കൊണ്ടുവരാൻ സർക്കാർ തയ്യാറായിട്ടില്ല. സ്ത്രീകളുടെ സ്വകാര്യതയും അന്തസ്സും പരിരക്ഷിക്കുന്ന തരത്തിൽ വ്യവസ്ഥാപിതമായൊരു നിയമം ആയിരിക്കണം കൊണ്ടുവരേണ്ടത്. വ്യവസ്ഥകൾ തലനാരിഴ കീറി പരിശോധിക്കപ്പെടുമ്പോൾ യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യം ഒഴിവാക്കണം. ഭരണഘടനയും നിയമങ്ങളും സ്ത്രീകൾക്ക് സംരക്ഷണം തന്നാലും നടപ്പാക്കുന്ന രീതികൊണ്ട് പലപ്പോഴും അർഹരായവർക്ക് നിയമപരിരക്ഷ കിട്ടുന്നില്ലെന്നത് വസ്തുതയാണ്. സൈബർ നിയമത്തിലും സി.ആർ.പി.സി.-യിലും കുറ്റകൃത്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിൽ കുറഞ്ഞ ശിക്ഷകളാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആത്മഹത്യാ പ്രേരണ കുറ്റത്തിനുള്ള ശിക്ഷയും ഇതിൽ ഉൾക്കൊളളിക്കണം. ഉത്തരവാദപ്പെട്ടവർ നടപടി സ്വീകരിക്കാതിരുന്നാൽ അവർക്ക് നൽകേണ്ട ശിക്ഷയെ സംബന്ധിച്ചും വ്യക്തതയുണ്ടാകണം. സി.ആർ.പി.സി.-യും സൈബർ ആക്റ്റും മറ്റ് പല നിയമങ്ങളുമായും ഈ ബിൽ താരതമ്യം ചെയ്യുമ്പോൾ ശിക്ഷകൾ ലഘൂകരിച്ചിരിക്കുകയാണെന്ന് കാണാം. സ്ത്രീകളുടെ പ്രശ്നത്തിന്റെ ഗൗരവമോ സങ്കീർണ്ണതയോ ബില്ലിൽ ഉൾക്കൊളളുന്നില്ല. നിയമസഭാ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിക്കണം. സർക്കാർ ഓഫീസുകളിൽ സ്ത്രീകൾ പലതരത്തിലുള്ള അക്രമങ്ങൾക്ക് വിധേയരാകുന്നത് സംബന്ധിച്ച് ബിൽ പരിഗണിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽവരുന്ന സഭ്യമല്ലാത്ത പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കണം. ഇതുസംബന്ധിച്ച നിയമസഭാ സമിതിയുടെ ശുപാർശ ബില്ലിൽ ഉൾപ്പെടുത്തണം. കുട്ടികളെ സ്വാധീനിക്കുന്ന പരസ്യങ്ങൾ, സിനിമകൾ, സീരിയലുകൾ എന്നിവ നിയന്ത്രിക്കപ്പെടണം. കച്ചവടതാൽപ്പര്യംമാത്രം ലക്ഷ്യമാക്കി നിർമ്മി

ക്കുന്ന പരസ്യങ്ങൾ നിരോധിക്കുന്നതിനോ സെൻസർഷിപ്പ് ഏർപ്പെടുത്തുന്നതിനോ ഗവൺമെന്റ് തയ്യാറാകണം. ബില്ലിലെ അപാകതകൾ പരിഹരിക്കപ്പെടണം. നിയമത്തിന്റെ പേരിൽത്തന്നെ വ്യക്തതയുണ്ടാക്കണം. വാഹനങ്ങളിലെ പീഡനവുമായി ബന്ധപ്പെട്ട് ഹെൽപ് ലൈൻ നമ്പർവഴി തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കുന്നതിനും വാഹനത്തിൽ വച്ച് മൊഴി രേഖപ്പെടുത്തുന്നതിനും സംവിധാനം ഉണ്ടാകണം. പീഡനത്തിന്റെ സ്വഭാവമനുസരിച്ച് ശിക്ഷ തീരുമാനിക്കുന്നതിൽ വ്യക്തതയുണ്ടാകണം. പീഡനത്തിനിരയായ സ്ത്രീക്ക് നഷ്ടപരിഹാരത്തോടൊപ്പം പുനരധിവാസം നൽകുന്നതിനും വ്യവസ്ഥയുണ്ടാകണം. സ്ത്രീ പീഡനകേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിനും പീഡനത്തിന് ഇരയാകുന്ന പെൺകുട്ടികൾക്ക് സൗജന്യ നിയമ സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസ്ഥ ചെയ്യണം. ഐ.പി.സി. 354, 307 എന്നീ വകുപ്പുകൾ ശക്തിപ്പെടുത്തണം. സ്ത്രീ പീഡന വിഷയങ്ങളുമായി ബന്ധപ്പെട്ട് മറ്റുസംസ്ഥാനങ്ങൾ പാസ്സാക്കിയ നിയമം കൂടി പരിശോധിക്കണം. വിവിധ വനിതാ സംഘടനകൾ, സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ എന്നിവയുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുന്നതിനും ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കി കൂടുതൽ ശക്തമായതും മാതൃകാപരമായ ബിൽ പാസ്സാക്കുന്നതിനും തയ്യാറാകണം.

ശ്രീ. ബെന്നി ബെഹനാൻ: ബില്ലിന്റെ അന്ത:സത്തയോട് യോജിക്കുന്നു. ബില്ലിന്റെ അന്ത:സത്ത ദുർവ്യാഖ്യാനിക്കപ്പെടാത്ത തരത്തിലുള്ള നിയമം പാസ്സാക്കണം. ഒരോ കുറ്റത്തിന്റേയും സ്വഭാവം മനസ്സിലാക്കി ശിക്ഷയെക്കുറിച്ച് ആലോചിക്കുന്നതിനുപകരം എല്ലാത്തിനും ഏഴ് വർഷം എന്ന് നിശ്ചയി

ക്കുന്നത് ശരിയായ നടപടിയല്ല. നേരത്തെ പാസ്സാക്കിയ കേന്ദ്ര ആക്ടിന്റെ അടിസ്ഥാനത്തിൽ പാസ്സാക്കപ്പെട്ട നിയമത്തിൽ പറയുന്ന ശിക്ഷാ നടപടിക്ക് വിരുദ്ധമായി ഈ നിയമത്തിലെഴുതിയാൽ കോടതിയിൽ പോയാൽ നിലനിൽ ക്കില്ല. സ്ത്രീപീഡനക്കേസുകൾ ഉണ്ടാകാതിരിക്കാൻ സമഗ്രമായ ബോധവ ത്കരണം ആവശ്യമാണ്. സ്ത്രീകൾക്കെതിരായുള്ള കുറ്റകൃത്യങ്ങൾ സംബ ന്ധിച്ച കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കണം. ഇത്തരം കേസുകൾ വാദിക്കുന്നതിനായി ഗവൺമെന്റ് തല ത്തിൽ വക്കീലന്മാരെ ചുമതലപ്പെടുത്തുമ്പോൾ കാര്യശേഷി ഉറപ്പുവരുത്ത ണം. ഈ നിയമം തെറ്റായി വ്യാഖ്യാനിക്കപ്പെടാതിരിക്കുന്നതിനും യഥാർത്ഥ പ്രതികൾ ശിക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നിയമത്തിലെ വ്യവസ്ഥകൾ സുതാര്യവും കുറ്റമറ്റതുമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ)</u>: ഈ ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളെയും വിമർശ നങ്ങളെയും സ്വാഗതം ചെയ്യുന്നു. വിശദമായ ചർച്ചകളുടെയും പഠനങ്ങളു ടെയും അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗ ണനാവേളയിൽ ചർച്ചചെയ്ത് തീരുമാനമെടുക്കാവുന്നതാണ്. കുറ്റകൃത്യം നട ത്തിയവർക്കെതിരെ ഏത് രീതിയിലുള്ള ശിക്ഷനടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കേണ്ടത് കോടതിയുടെ ഫൈനൽ ജഡ്ജ്മെന്റിന്റെ അടിസ്ഥാന ത്തിലാണ്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസിൽ തീർപ്പുകൽപ്പി ക്കുന്ന നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയും.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ആഭ്യന്തര വകുപ്പുമന്ത്രി അവതരി പ്പിച്ച പ്രമേയം അംഗീകരിച്ച് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കാം. ഈ സെഷനിൽ പാസ്സാക്കാതെ സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിച്ച ശേഷം പാസ്സാക്കാം. വനിതാ എം.എൽ.എ.-മാർക്കുകൂടി സബ്ജക്ട് കമ്മിറ്റിയുടെ തെളിവെടുപ്പിൽ പങ്കെടുക്കുന്നതിനുള്ള അവസര മൊരുക്കണം.

2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണം ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2. 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപം സംരക്ഷിക്കുന്നതിനുള്ള ബില്ലാണിത്.

ശ്രീ. ജെയിംസ് മാത്യു: 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപകരെ വഞ്ചിക്കുന്ന ധനകാര്യസ്ഥാപന ഉടമകളുടെ ആസ്തി കണ്ടുകെട്ടി ലേലം ചെയ്യാൻ വ്യവസ്ഥയുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്താത്തത് ഖേദകരമാണ്. സഹകരണ സംഘം ഭേദഗതി ബിൽ പാസ്സായതോടെ അനധികൃത സംഘങ്ങൾക്ക് അനുകൂല സാഹചര്യമാണു

ണ്ടായിരിക്കുന്നത്. രജിസ്ട്രേഷനില്ലാത്തതോ മതിയായ അംഗീകാരമില്ലാത്തതോ ആയ സ്ഥാപനങ്ങളെ സീൽ ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം വേണം. തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ച് ജനങ്ങൾ കബളിപ്പിക്കപ്പെടാതിരിക്കാൻ നിലവിലുള്ള നിയമത്തെ പ്രയോജനപ്പെടുത്തണം. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ധനവിനിമയത്തിന് ആവശ്യമായ ബാങ്ക് ഗ്യാരന്റിയോ മറ്റ് സെക്യൂരിറ്റികളോ ഉറപ്പുവരുത്തി അവയെ നിയന്ത്രിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിക്കണം.

ശ്രീ. ബെന്നി ബെഹനാൻ : 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വൻതോതിൽ പലിശ വാഗ്ദാനം ചെയ്ത് സാധാരണക്കാരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ച ശേഷം കബളിപ്പിക്കുന്ന സാമ്പത്തിക കുറ്റവാളികളെ കർശനമായി ശിക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇത്തരം തട്ടിപ്പുകാർക്കെതിരെ നടപടി സാധ്യമാണെങ്കിലും പണം നിക്ഷേപിച്ചവരുടെ താല്പര്യം സംരക്ഷിക്കാൻ നിലവിലുള്ള നിയമം  അപര്യാപ്തമായതുകൊണ്ടാണ് റിസർവ് ബാങ്കിന്റെ നിർദ്ദേശ പ്രകാരം ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. 1944 ലെ കേന്ദ്ര ക്രിമിനൽ നിയമ ഭേദഗതി ഓർഡിനൻസിലെ ഷെഡ്യൂളിൽ പറയുന്ന കാര്യങ്ങൾക്കുമാത്രമെ ജപ്തി നടപടി സാദ്ധ്യമാകുകയുള്ളു. വീഴ്ച വരുത്തുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്യാനും പ്രത്യേക കോടതി സ്ഥാപിച്ച് തുടർ നടപടി സ്വീകരിക്കുവാനുമുള്ള വ്യവസ്ഥ ഈ നിയമത്തിലുണ്ട്.  റിസർവ് ബാങ്കിന്റെ നിർദ്ദേശ പ്രകാരം രാഷ്ട്രപതിയുടെ അംഗീകാരം തേടേണ്ട ഈ നിയമം, നമ്മുടെ സമൂഹത്തിലെ സാമ്പത്തിക തട്ടിപ്പ് നടത്തുന്ന കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാനും ധനകാര്യ സ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ച് വഞ്ചിക്കപ്പെട്ടുപോയ ആളുകൾക്ക് ജപ്തി നടപടിയിലൂടെ നിക്ഷേപം തിരിച്ചു നൽകുന്നതിനുംവേണ്ടി കൊണ്ടുവന്ന സദുദ്ദേശപരമായ ഒരു നിയമമാണിത്. കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ മടക്കി നൽകുന്നതിലോ നിക്ഷേപത്തിന്മേൽ പലിശ നൽകുന്നതിലോ വീഴ്ച വരുത്തിയതായി ലഭിക്കുന്ന പരാതിയിന്മേൽ സർക്കാരിന് ഇടപെടാം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: നമ്മുടെ നാടിനെ സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് നയിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽനിന്നും നിയമാനുസൃതംതന്നെ പണം ഈടാക്കണം.  പുതിയ ധനകാര്യ

സ്ഥാപനങ്ങൾ തുടങ്ങുന്നതിന് അംഗീകാരം കൊടുക്കുമ്പോൾ ലൈസൻസ് ഉണ്ടോ എന്നും സെക്യൂരിറ്റിയുണ്ടോ എന്നും പരിശോധിക്കുന്നതോടൊപ്പം പരിധിക്കപ്പുറം നിക്ഷേപം വരുന്നുണ്ടെങ്കിൽ അത്തരം നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് സംവിധാനവും ഏർപ്പെടുത്തണം. കേരളത്തിൽ ഇത്തരം ധന കാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ലാത്ത തിനാൽ സാധാരണക്കാരന്റെ നിക്ഷേപങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ഈ നിയമം ഫലപ്രദമായി നടപ്പാക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: വൻതോതിലുള്ള ലാഭവിഹിതവും പലി ശയും വാഗ്ദാനം ചെയ്ത് പൊതുജനങ്ങളെ കബളിപ്പിക്കുന്ന ആളുകളെയും സ്ഥാപനങ്ങളേയും നിയന്ത്രിക്കുന്നതിനും അത്തരം ചൂഷണം തടയുന്നതിനും വേണ്ടിയാണ് നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ ഇവിടെ അവതരി പ്പിച്ചിരിക്കുന്നത്. നിക്ഷേപം മടക്കി നൽകുന്നതിൽ വീഴ്ച വരുത്തുന്ന ധന കാര്യ സ്ഥാപനങ്ങൾക്കെതിരെ നിക്ഷേപകരിൽ ഒരാൾ എങ്കിലും ഈ നിയമ പ്രകാരം നിയമിക്കപ്പെടുന്ന കോമ്പീറ്റന്റ് അതോറിറ്റിക്ക് പരാതി നൽകിയാൽ നടപടിയെടുക്കുന്നതിന് വ്യവസ്ഥ ചെയ്യണം. ധനകാര്യ സ്ഥാപനം നടത്തു ന്നവരുടെ ധന:സ്ഥിതിയോ സാമൂഹിക ചുറ്റുപാടുകളോ വിലയിരുത്തപ്പെടു ന്നില്ല. ഈ നിയമത്തിലെ ലൂപ് ഹോളുകൾ ഒഴിവാക്കിക്കൊണ്ട് ആസ്തികൾ ജപ്തി ചെയ്യുമ്പോൾ കൈമാറ്റം ലഭിച്ചവരിൽ നിന്നുകൂടി ഈടാക്കുന്നതിനു ള്ള നടപടിയുണ്ടാകണം. പണമിടപാടുമായി ബന്ധപ്പെട്ട സാമൂഹ്യപ്രശ്നങ്ങ ളുണ്ടാകാതിരിക്കാൻ ബാങ്കുകളിലെ നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനാഭി മുഖ്യമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): റിസർവ്വ് ബാങ്കിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള

സ്ഥാപനങ്ങളിലാണ് സാധാരണക്കാർക്ക് ഡെപ്പോസിറ്റ് ചെയ്യാവുന്നത്. എന്നാൽ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് നോൺ ബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് നിക്ഷേപം സ്വീകരിക്കുന്നുണ്ട്. മണി ലെന്റേഴ്സ് ആക്ട് അനുസരിച്ച് ആർക്കുവേണമെങ്കിലും സ്ഥാപനം തുടങ്ങുകയും നിക്ഷേപം സ്വീകരിക്കുകയും ചെയ്യാം. റിസർവ്വ് ബാങ്കിന്റെ നിയമം അനുസരിച്ച് നിക്ഷേപങ്ങൾക്ക് നിശ്ചിത പലിശയിൽ കൂടുതൽ നൽകാൻ പാടില്ല. കൂടുതൽ പലിശ നൽകി നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കേണ്ടത് റിസർവ്വ് ബാങ്കാണ്. മണി ലെന്റേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സംസ്ഥാന സർക്കാരിന് നടപടിയെടുക്കാൻ കഴിയും. റിസർവ്വ് ബാങ്കും സംസ്ഥാന സർക്കാരും കൈകാര്യം ചെയ്യാത്ത മേഖലയിൽ പണം നിക്ഷേപിച്ച് വഞ്ചിതരാകുന്നവർക്ക് നിക്ഷേപത്തുക കബളിപ്പിച്ചവരിൽനിന്ന് ഈടാക്കിക്കൊടുക്കുന്നതിനുവേണ്ടി എല്ലാ പഴുതുകളുമടച്ചുകൊണ്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

<u>(iii) 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്)</u>: 2013-ലെ കേരള ക്ഷീരകർഷക ക്ഷേമ നിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്)</u>: 2013-ലെ കേരള ക്ഷീരകർഷക ക്ഷേമ നിധി (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്ക ണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്)</u>: ഉല്പാദന ചെലവിനനുസരിച്ച് ന്യായ വില ലഭ്യമാക്കി ക്ഷീര കർഷകരെ സംരക്ഷിച്ചാൽ മാത്രമേ പാലുല്പാദ നത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിക്കുകയുള്ളൂ. കൂടുതൽ പേർക്ക് അംഗത്വം നൽകി ക്ഷീരകർഷക ക്ഷേമനിധി വിപുലപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ക്ഷേമനിധിയിൽ അംഗമായവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പാലിന്റെ വില എപ്പോൾ വർദ്ധിച്ചാലും അതിനനുസ രിച്ച് കർഷകരുടെ ആനുകൂല്യം വർദ്ധിക്കുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ബില്ലിൽ വരുത്തിയിട്ടുള്ളത്. കേരളത്തിലെ ക്ഷീര മേഖലയിൽ സംതൃപ്ത

മായ ഒരു സാഹചര്യമുണ്ടാക്കുന്നതിന് ഈ ക്ഷേമനിധി സഹായകരമായിത്തീരുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിനെ തത്വത്തിൽ അംഗീകരിക്കുന്നു. ക്ഷീരകർഷകർക്ക് മാന്യമായ തുക പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിന് ആവശ്യത്തിനുള്ള പാൽ ഉൽപാദിപ്പിക്കാതിരിക്കുകയും കർഷകർക്ക് നല്ല വില ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാലിൽ മായം ചേർക്കുന്നത് നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കണം. ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കുന്നതോടൊപ്പം കർഷകരെ രക്ഷിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. ക്ഷീരകർഷകരുടെ സാമ്പത്തിക ഇടപാടുകൾക്കായി രൂപീകരിക്കുമെന്ന് പറഞ്ഞിരുന്ന ധനകാര്യ സ്ഥാപനത്തെക്കുറിച്ച് വിശദമാക്കണം. കേരളാ ഫീഡ്സും മിൽമയും കാലിത്തീറ്റയുടെ ഉൽപാദനം വർദ്ധിപ്പിച്ച് വില കുറച്ച് വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വൈക്കോലിന്റെ വില കൂടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം. മിൽമയുടെ ഭാഗത്തുനിന്നും ഏകപക്ഷീയമായി പാൽവില കൂട്ടുന്നത് തടയണം. പാൽ അളക്കുന്ന സമയത്ത് ക്ഷേമനിധിയിൽ അംഗമാകാത്തവരിൽനിന്ന് പൈസ ഈടാക്കുന്നത് തടയുന്നതിനും മെമ്പർഷിപ്പ് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പാലോട് രവി : 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷീര വ്യവസായ മേഖലയിൽ വളരെയ

ധികം മുന്നേറ്റമുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ക്ഷീരകർഷകരുടെ ഉന്നമനത്തിനായി സമഗ്രമായ ഒരു ക്ഷീര നയം പ്രഖ്യാപിക്കണം. ക്ഷീരോത്പാദനം ഒരു കാർഷികവൃത്തിയായി അംഗീകരിച്ച് മറ്റ് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ക്ഷീരകർഷകർക്കും ലഭ്യമാക്കണം. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഇവരെക്കൂടി ഉൾപ്പെടുത്തണം. ക്ഷീര സഹകരണ സംഘങ്ങളുടെ വൈദ്യുതി ചാർജ്ജ് തുക കുറവ്ചെയ്തു കൊടുക്കുകയും സംഘങ്ങളിൽനിന്ന് നൽകുന്ന കാലിത്തീറ്റ സബ്സിഡി വർഷം മുഴുവൻ ലഭ്യമാക്കുകയും വേണം. ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരുടെ പശുക്കൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തണം. വേനൽക്കാലങ്ങളിൽ സംഘങ്ങളിൽനിന്ന് ഇൻസെന്റീവ് നൽകാൻ നടപടി സ്വീകരിക്കണം. സംഘങ്ങളിലെ റിസർവ്വ് ഫണ്ട് ഉപയോഗിച്ച് ക്ഷീര കർഷക ബാങ്ക് രൂപീകരിക്കുകയും ക്ഷീര കർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വേണം. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിനും പാലുത്പ്പന്നങ്ങൾക്കും സെസ്സ് ഏർപ്പെടുത്തി ആ തുക ക്ഷേമനിധിയിൽ ഉൾക്കൊള്ളിക്കണം. ക്ഷേമനിധി പെൻഷൻ ആയിരം രൂപയാക്കി വർദ്ധിപ്പിക്കണം. കെ.എൽ.ഡി. ബോർഡ്, മിൽമ, ആനിമൽ ഹസ്ബന്ററി, ഡയറി എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാനത്തിന്റെ സമ്പത്വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി. ജോസഫ്)</u> : ക്ഷീരോത്പാദനം തൊഴിലായി സ്വീകരിച്ച കൃഷിക്കാരെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ക്ഷീരകർഷകരുടെ ഉന്നമനത്തിനുവേണ്ടി മിൽമ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കാലിത്തീറ്റ വില

വർദ്ധനവിന്റെ മുഴുവൻ ബാദ്ധ്യതയും ക്ഷീരകർഷകർക്ക് മിൽമ നൽകുന്നുണ്ട്. ക്ഷീരകർഷക ക്ഷേമനിധിയിലേയ്ക്കുള്ള അംശദായത്തിൽ വർദ്ധനവുവരുത്തി ലഭിക്കുന്ന തുകകൊണ്ട് പെൻഷൻ വർദ്ധിപ്പിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 2007-ലെ ക്ഷേമനിധി ആക്ട് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ ലഭിക്കുന്നതിന് സംഘത്തിൽ "10 " കൊല്ലം പാൽ അളക്കണമെന്ന നിബന്ധനയ്ക്കുപകരം "5 " കൊല്ലം എന്ന് ബില്ലിൽ ഭേദഗതി ചെയ്യുന്നതാണ്. ക്ഷീരം, കയർ, ഫിഷറീസ് തുടങ്ങിയ മേഖലകളും പരമ്പരാഗത വ്യസായങ്ങളും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ സജീവമാക്കുന്നതാണ്. ക്ഷീരകർഷകർക്ക് സംരക്ഷണം നൽകുന്നതിന് സമഗ്രമായൊരു ക്ഷീരനയത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്. എം. എൽ. എ. മാർക്ക് സ്വീകാര്യമാണെങ്കിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് എല്ലാ ജില്ലകളിലും ക്ഷീര സംഘങ്ങൾക്ക് കെട്ടിടമുണ്ടാക്കിക്കൊടുക്കാൻ ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്. സ്വകാര്യ പാലുൽപ്പാദകർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്. കേരളത്തിന്റെ ക്ഷീരമേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുമെന്നാണ് സർക്കാർ കരുതുന്നത്. പുതിയ തലമുറയെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും 2 ഡയറി ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. പുതുതായി കടന്നുവരുന്ന പ്രവാസികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും 12-ാം പദ്ധതി പൂർത്തിയാകുമ്പോൾ പാലുൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കണമെന്ന ലക്ഷ്യം പൂർത്തീകരിക്കുന്ന

തിനും നടപടികൾ സ്വീകരിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

**2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**റൂളിംഗ്**

**സഭാരേഖയിൽനിന്നും നീക്കം ചെയ്യുന്നതുസംബന്ധിച്ച്**

മി. സ്പീക്കർ: ധനവിനിയോഗ ബില്ലിന്റെ ചർച്ചാവേളയിൽ ശ്രീ. പി. റ്റി. എ. റഹീം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അതിലിടപ്പെട്ടുകൊണ്ട് ശ്രീ. എ. എം. ആരിഫ് ആഭ്യന്തര വകുപ്പുമന്ത്രിയെക്കുറിച്ച് നടത്തിയ പരാമർശം റൂൾ 307 അനുസരിച്ച് സഭാരേഖയിൽനിന്നും നീക്കം ചെയ്യുന്നതാണ്.

(സഭ രാത്രി 7.41-ന് പിരിഞ്ഞു.)